**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2832** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇരവിപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നതിനായി പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുണ്ട്; വിശദമാക്കാമോ; | (എ) | ഇരവിപുരം നിയോജക മണ്ഡലത്തിൽ കൊല്ലം ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലെ പള്ളിമുക്ക് സെക്ഷൻ ഓഫീസും, ചാത്തന്നൂർ ഡിവിഷൻ പരിധിയിലെ മയ്യനാട് സെക്ഷൻ ഓഫീസും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പള്ളിമുക്ക് ഓഫീസിന്റെ പ്രതിമാസ വാടക 18,000/- രൂപയും, മയ്യനാട് ഓഫീസിന്റെ പ്രതിമാസ വാടക 15,000/- രൂപയുമാണ്. |
| (ബി) | ഇത്തരം ഓഫീസുകൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സാധാരണഗതിയിൽ കെ.എസ്.ഇ.ബി.എൽ-ന് സ്വന്തമായി സ്ഥലം ലഭ്യമായിരിക്കുകയോ അല്ലെങ്കിൽ അനുയോജ്യമായ സ്ഥലം സൗജന്യമായി ലഭിക്കുകയോ ചെയ്യുമ്പോഴാണ് സെക്ഷൻ ഓഫീസിനു സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത്. കുറഞ്ഞത് 10 സെന്റ് സ്ഥലം കെ.എസ്.ഇ.ബി.എൽ-നു ലഭ്യമാകുകയാണെങ്കിൽ, നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ